പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2368

07.02.2019 ൽ മറുപടിക്ക്

## സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം
ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സിമന്റ് വില അനിയന്ത്രിതമായി കുതിച്ചുയരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | എ) | ഉണ്ട്. സംസ്ഥാനത്ത് സിമന്റ് വില വർദ്ധിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) ഒരു യോഗം സർക്കാർ തലത്തിൽ 10.5.2017 ന് വിളിച്ചു ചേർക്കുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രതിമാസം ഏതാണ്ട് ആറ് ലക്ഷം ടൺ സിമന്റ് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇതിന്റെ എത്ര ശതമാനമാണ് മലബാർ സിമന്റ്സ് ഉൽപാദിപ്പിക്കുന്നത്; | ബി) | ഉണ്ട്. കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ ഏകദേശം ആറ് ശതമാനമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്നത്. |
| സി) | സംസ്ഥാനത്ത് നിർമ്മാണ മേഖലയിലുണ്ടായ വളർച്ചയും സിമന്റ് ഉൽപ്പാദന രംഗത്തെ കുറവും വൻകിട സിമന്റ് കമ്പനിക്കാരുടെ കൊള്ളലാഭത്തിന് വഴിയൊരുക്കുന്ന സാഹചര്യം പരിശോധിക്കുമോ; | സി) & ഡി) | കേരളത്തിൽ സിമന്റ് ഉല്പാദകരായി മലബാർ സിമന്റ് ലിമിറ്റഡ് മാത്രമേ ഉള്ളൂ. കേരളത്തിൽ ആവശ്യമായ സിമന്റിന്റെ ഏകദേശം ആറ് ശതമാനം മാത്രമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്നത്. ആയതുകൊണ്ട് സിമന്റ് വിപണിയിലെ സ്വകാര്യ സിമന്റുകളുടെ വില വർദ്ധനവ് തടയാൻ സർക്കാരിന് സാധ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. ആയതിനാൽ സിമന്റ് ഉല്പാദന രംഗത്തുള്ള കുറവ് മറ്റു വൻകിട സിമന്റ് കമ്പനിക്കാരുടെ കൊള്ളലാഭത്തിന് വഴിയൊരുക്കുന്നു. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളായ Modernization of Coal Mill for Grinding petcoke & kiln Firing system, Setting up the First Phase of a Bulk Cement Terminal & Logistic Hub project at Cochin port എന്നിവ സർക്കാരിന്റെ |
| ഡി) | എങ്കിൽ സംസ്ഥാനത്തെ സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി വിലക്കയറ്റവും വൻകിട കമ്പനികളെയും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. പ്രസ്തുത നവീകരണ വിപുലീകരണ പദ്ധതികളിലൂടെ സിമന്റ് ഉല്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് അതുവഴി വിലക്കയറ്റവും വൻകിട കമ്പനികളെയും നിയന്ത്രിക്കുന്ന രീതിയിൽ സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ